# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2497 — 17/08/2017 – ൽ മറുപടിക്ക്

### തൊഴിൽ വകുപ്പിനുകീഴിൽ ഡിസ്പെൻസറികൾ/ആരോഗ്യ ക്ലിനിക്കുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി.വി.ഇബ്രാഹിം** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ ഡിസ്പെൻസറികൾ/ആരോഗ്യ ക്ലിനിക്കുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ, മലപ്പുറം ജില്ലയിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | തൊഴിൽ വകുപ്പിന്റെ പരിധിയിലുള്ള ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഇ.എസ്.ഐ ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ, കുറ്റിപ്പുറം, മലപ്പുറം, നിലമ്പൂർ, വാഴക്കാട്, മഞ്ചേരി, പെരിന്തൽമണ്ണ എന്നീ സ്ഥലങ്ങളിലായി 7 ഇ.എസ്.ഐ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട് |
| (ബി) | അപ്രകാരം ഡിസ്പെൻസറികൾ/ ക്ലിനിക്കുകൾ എന്നിവ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഇ.എസ്.ഐ കോർപ്പറേഷന്റെ സർവ്വേയുടെ അടിസ്ഥാനത്തിൽ പുതിയ ക്ലസ്റ്റർ ഏരിയയിലെ ഐ.പികളുടെ എണ്ണം കണക്കാക്കിയാണ് പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. 1000 മുതൽ 2500 വരെയുള്ള തൊഴിലാളികൾക്കായി സിംഗിൾ ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയും 2500 മുതൽ 5000 വരെയുള്ള ഐ.പി സ്ട്രെങ്ങ്തിന് രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയും ആണ് ആരംഭിക്കുക. ഐ.പികളുടെ എണ്ണം 1000-ൽ കുറവാണെങ്കിൽ ഇൻഷ്വേർഡ് മെഡിക്കൽ പ്രാക്ടീഷണർ മുഖേനയും, മൊബൈൽ ഡിസ്പെൻസറി വഴിയും വൈദ്യ സഹായം എത്തിച്ചുകൊടുക്കുവാനുള്ള നിയമങ്ങൾ നിലവിലുണ്ട്. |
| (സി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഡിസ്പെൻസറി/ക്ലിനിക് തുടങ്ങുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; | (സി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിനും |

| | | | |
|---|---|---|---|
| | എങ്കിൽ അതിനുവേണ്ടി ചെയ്ത കാര്യങ്ങൾ/നടപടിക്രമങ്ങൾ എന്നിവ അറിയിക്കാമോ? | | ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ